സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

June 2025
Vol. 1 Issue 4 pages 100-103

പാലൈ
PALAI பாலை
ISSN No: 3049-0316

# സാഹിത്യത്തിലെ ലൈബ്രറികൾ

**ഡോ. ബിൻസ് എം. മാത്യു***



**സംഗ്രഹം**

ലൈബ്രറി കേന്ദ്രബിംബമാകുന്ന രണ്ട് കൃതികളാണ് സക്കറിയയുടെ യേശുപുരം പബ്ലിക് ലൈബ്രറിയെപ്പറ്റി ഒരു പരാതി, പി.പി രാമചന്ദ്രന്റെ ലൈബ്രേറിയൻ മരിച്ചതിൽ പിന്നെ എന്നിവ. കേരളസമൂഹരൂപീകരണത്തിലും ആധുനികീകരണത്തിലും മുഖ്യപങ്കുവഹിച്ച ഗ്രന്ഥശാലകൾ ഇരുകൃതികളിലും മാറിയ കാലഘട്ടത്തെ പ്രതിഫലിപ്പിക്കുന്ന കണ്ണാടികളായി മാറുന്നു.

**താക്കോൽ വാക്കുകൾ:** മിത്ത് - ലൈബ്രറി - ആധുനികീകരണം

മിത്തുകൾ നിർമ്മിക്കുന്ന അർത്ഥലോകം ക്രമരഹിതവും എഴുത്തുകാരനെപ്പോലും മറികടക്കുന്നതുമാണ്. ജീവിതത്തിന്റെ പുതുരൂപങ്ങളെ രൂപകങ്ങളാക്കികൊണ്ട് എഴുത്തുകാർ ഈ പരിമിതിയെ മറിടക്കാറുണ്ട്. ലോകസാഹിത്യത്തിൽ ലൈബ്രറികൾ കേന്ദ്രബിംബമായി പ്രത്യക്ഷപ്പെടുന്ന സാഹിത്യകൃതികൾ ധാരാളമായി ഉണ്ടായിട്ടുണ്ട്. ഉമ്പർട്ടോ എ ക്കോയുടെ ദ നെയിം ഓഫ് റോസ്, ബോർഗസിന്റെ ബാബേൽ ലൈബ്രറി എന്നിവ ഉദാഹരണം. സക്കറിയയുടെ യേശുപുരം പബ്ലിക് ലൈബ്രറിയെപ്പറ്റി ഒരു പരാതി, പി.പി. രാമചന്ദ്രന്റെ ലൈബ്രേറിയൻ മരിച്ചതിപ്പിന്നെ എന്നീ കൃതികളുടെ കേന്ദ്രരൂപകമായി പ്രവർത്തിക്കുന്നത് ലൈബ്രറിയാണ്. ചരിത്രപരവും സാമൂഹികവുമായ നിരവധി മാനങ്ങളുള്ള രൂപകമാണ് ഈ കൃതികളിലെ ലൈബ്രറി.

കേരളത്തിലെ മതേതര പൊതുമണ്ഡലത്തിന്റെ വക്താക്കളായിരുന്നു വായനാസമൂഹങ്ങൾ. വായനശാലകൾ ജാതിരഹിത/മതരഹിത പൊതുമണ്ഡലങ്ങളായിരുന്നു. അഖിലതിരുവിതാംകൂർ ഗ്രന്ഥശാലാ സംഘത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളപ്പറ്റി മലയാളമാസം 1128 ൽ പ്രസിധീകരിച്ച തിരുവിതാംകൂർ ഗ്രന്ഥശലാ മാന്വൽ പറയുന്നത് ഇങ്ങനെയാണ് നാട്ടുമുഴുവൻ ഗ്രന്ഥശാലകളാൽ ശൃംഖലിതമാക്കുക എന്നതാണ് ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. ഗ്രന്ഥശാല എന്ന പദംകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് ആവശ്യമുള്ളവർക്ക് പുസ്തങ്ങൾ ഉപയോഗിക്കത്തക്കവണ്ണം കുറേ പുസ്തകങ്ങൾ സംഭരിച്ചു വയ്ക്കുക എന്ന പഴയ അർത്ഥമല്ല. കുചേലനും കുബേരനും പണ്ഡിതനും പാമരനും അഭ്യസ്തനും നിരക്ഷരനും കാഴ്ചയുള്ളവനും അന്ധനും ബാലനും വൃദ്ധനും അവരവരുടെ ഉദ്യോഗമോ താൽപ്പര്യമോ എന്തായിരുന്നാലും ശരി സ്ഥിരമായ സ്വയം വിദ്യാഭ്യാസസന്നദ്ധത എന്ന പ്രധാനമായ ഉദ്ദേശ്യത്തോടുകൂടിയ സാമൂഹ്യ സ്ഥാപനം എന്നാണ് ഇതിന്റെ ഇന്നത്തെ അർത്ഥം (ഗ്രന്ഥശാലാ മാന്വൽ 1128).

---

* അസ്സോസിയേറ്റ് പ്രൊഫസർ, എസ്.ബി. കോളേജ് ചങ്ങനാശ്ശേരി

ISSN No: 3049-0316


പാരമ്പര്യനിഷേധവും നവീനതയും അടിസ്ഥാനമായിരുന്ന യുക്തിചിന്തയുടെ പ്രഭവ കേന്ദ്രമായിരുന്ന കേരളത്തിലെ വായനശാലകൾ.

സാംസ്കാരികവും രാഷ്ട്രീയവുമായ ഒരു പ്രതിരോധാന്തരീക്ഷത്തെ നിർമ്മിക്കുന്നതിൽ ഗ്രന്ഥശാലകൾ പ്രധാന പങ്കുവഹിക്കുന്നുണ്ട്. എന്നാൽ ഇന്റർനെറ്റിന്റെ വരവോടെ വായനയുടെയും വായനശാലകളുടെയും ഘടന മാറുന്നുണ്ട്. ആശയവിനിമയം വിശാലമാകുന്നു.

അക്ഷരങ്ങളെ തിരസ്ക്കരിക്കുന്നില്ലെങ്കിലും അക്ഷരങ്ങളുടെ സ്ഥാനത്ത് ചിത്രങ്ങളും ചിഹ്നങ്ങളും നിറയുന്ന ഒരു ആശയ പ്രപഞ്ചം പുതുതായി രൂപം കൊള്ളുന്നു. പ്രതീകങ്ങളുടെ സ്ഥാനത്ത് ചിഹ്നങ്ങൾ കടന്നുവരുമ്പോൾ ആശയവിനിമയം ലഘുവാകുന്നുണ്ട്. പക്ഷേ ആശയത്തിന്റെ ആഴങ്ങളെയോ സങ്കീർണ്ണതയെയോ സ്പർശിക്കാൻ ചിഹ്നങ്ങൾക്ക് കഴിയുന്നില്ല. ചിത്രങ്ങൾ ചലച്ചിത്രങ്ങൾ ഇമോജികൾ ഇങ്ങനെ വിപുലപ്പെടുന്ന ആശയവിനിമയ മേഖലയിൽ അക്ഷരങ്ങൾക്ക് പലതരംപരിണാമങ്ങൾ സംഭവിക്കുന്നുണ്ട്. പുസ്തകങ്ങൾ അക്ഷരങ്ങളിലൂടെ മാത്രം വിനിമയം ചെയ്യുന്നു. ഇതാണ് പുതിയ കാലത്ത് പുസ്തകങ്ങളെ കുഴപ്പത്തിലാക്കുന്ന പ്രത്യേകത. ഓഡിയോ ബുക്കുകൾ വായനയുടെ വികാസത്തെ സൂചിപ്പിക്കുന്നുവെങ്കിലും അത് വായനാനുഭവത്തെക്കാൾ നാടകീയാനുഭവമാണ് പ്രദാനം ചെയ്യുന്നത്. ഓഡിയോ ബുക്കുകളും കിന്റിൽപോലുള്ള ഇ വായനയുടെ സ്വകാര്യവും നവീനവുമായ മേഖലകളും വായനശാലകളെ പ്രതിസന്ധിയിലാക്കുന്നുണ്ട്.

ഒരു ഘടനയ്ക്കുള്ളിലാണ് ലൈബ്രറി പ്രവർത്തിക്കുന്നത്. റാക്കുകളിൽ ജീവചരിത്രം നോവൽ സഞ്ചാരസാഹിത്യം കവിത ഇങ്ങനെ ക്രമീകൃതമാണ് ലൈബ്രറി. വിർച്വൽ സഞ്ചാരങ്ങൾ ക്രമീകരങ്ങൾക്കുപുറത്താണ്. മനസ്സിന്റെ സഞ്ചാരംപോലെ ക്രമരഹിതമാണത്. അടുക്കുവിട്ട പുസ്തകം പോലെ ശാസ്ത്രവും മാനവികതയും ഭാഷയും പ്രോണോഗ്രഫിയും എല്ലാം പരസ്പരം ഇടകലരുന്നു. ഇത്തരമൊരുമൊരു അവസ്ഥയയാണ് പി.പി രാമചന്ദ്രന്റെ ലൈബ്രറിയൻ മരിച്ചതിൽ പിന്നെ, യേശുപുരം പബ്ലിക് ലൈബ്രറിയെപ്പറ്റി ഒരു പരാതി എന്നീ കൃതികൾ അഭിസംബോധന ചെയ്യുന്നന്നത്. ഇന്റർനെറ്റ് യുഗത്തിന് വളരെ മുമ്പ് എഴുതിയ (1971) കഥയാണെങ്കിലും ഇക്കാലത്ത് വളരെ പ്രസക്തമായ കഥയാണ് സക്കറിയയുടേത്. യുക്തിരഹിതവും ക്രമരഹിതവുമായ ഒരു ലോകത്തെ തുറന്നു കാട്ടുന്നതിന് ലൈബ്രറി ഒരു രൂപകമായി മാറുന്നു. മലയാളിയുടെ ജീവിതത്തെ പരിണമിപ്പിച്ച വായന എന്ന സാമൂഹികാനുഭവത്തിന്റെ പരിണാമ ചരിത്രത്തെക്കൂടിയാണ് ഈ കൃതികൾ സൂക്ഷ്മാവസ്ഥയിൽ ചിത്രീകരിക്കുന്നത്.

സ്ഥലം ആധുനികീരണത്തിലെ അനുഭവസ്ഥാനമായിരുന്നു. ഭൂപരിഷ്കരണം ക്ഷേത്ര പ്രവേശനം സ്ഥലത്തിനുമേലുള്ള വിവിധ അവകാശങ്ങൾ ദായക്രമം തുടങ്ങി അനേകം സ്ഥലാധിഷ്ഠിതമായ ക്രമങ്ങളിലെ നവീകരണമാണ്ആധുനികതയെ മധ്യവർഗ്ഗത്തിന് അനുഭവവേദ്യമാക്കുന്നത്. ക്ഷേത്രങ്ങളായിരുന്നു പണ്ട് ഓരോ ഇടങ്ങളിലെയും പ്രധാന സ്ഥലം. ആ സ്ഥാനത്തേക്ക് വിദ്യാലയങ്ങൾ വായനശാലകൾ തപാലാഫീസുകൾ മുതലായവ കടന്നു വരുന്നു എന്നതാണ് ആധുനിതയുടെ പ്രത്യേകത. പങ്കാളിത്താധിഷ്ഠിതമായ ഒരു ദേശബോധത്തിന്റെ ഉൽപ്പന്നങ്ങളായിരുന്നു ഇവയെല്ലാം. വായനശാലകൾ അറിവും നവീനചിന്തയും ഇടപെടുന്ന ഒരുസാമൂഹികാനുഭവമാണ്. പുതിയകാലം സ്ഥലാനുഭവങ്ങളിൽനിന്ന് മാറ്റി തികച്ചും ഭാവനാധിഷ്ഠിതമായ സ്ഥലകാല അനുഭവങ്ങളെ സ്വീകരിക്കുന്നു. സൗഹൃദം രാഷ്ട്രീയ പ്രവർത്തനം എന്നിവയെല്ലാം ഗൃഹാന്തരീക്ഷത്തിൽ സ്വകാര്യമായ നടക്കുന്ന പ്രക്രിയകളാണ്.

വായനശാലകൾ നിർമ്മിച്ച വായനാനുഭവം സാമൂഹികമാനങ്ങൾക്കൂടി ഉള്ളതായിരുന്നു. വായന എന്നാൽ മധ്യകാലത്ത് രാമായണവായന മാത്രമായിരുന്നു. എന്നാൽ ആധുനികതയിൽ വായന വിശാലമായി. ആധുനികീകരണത്തിനും നവീകരണത്തിനും ഉപയുക്തമായ പദമായി വായന തിരിച്ചറിയപ്പെടുന്നു. മതം ഇരുന്ന ഇടങ്ങളിലേക്ക് സാഹിത്യവും കലയും പ്രവേശിക്കുന്നത് അങ്ങനെയാണ്. വിശ്വാസയുക്തിയുടെ സ്ഥാനത്ത് ശാസ്ത്രീയയുക്തി കടന്നുവരാൻ വായന കാരണമായി.

വായനയും വായനശാലയ്ക്കും ഒരു നൈരന്തര്യമുണ്ട്. വായനയെയും വായനശാലയെയും പ്രവർത്തനക്ഷമമാക്കുന്ന യുക്തിയാണ്. രണ്ടും നേർരേഖയിൽ സഞ്ചരിക്കുന്നു. രേഖീയതയാണ് അതിന്റെ സ്വഭാവം. ലൈബ്രറി മുഴുവൻ ഒറ്റ പുസ്തമാണെന്ന് ബോർഗസ് പറയുന്നത് ഇവിടെ ഓർക്കാം. വായനയിൽ മാത്രമല്ലവായനശാലാറെക്കോഡുകളിലുവരെലീനിയാരിറ്റികാണാം.'ഞാനൊരുപഴമക്കാരനാണ്ഇന്നത്തെ

 ISSN No: 3049-0316


എഴുത്തിന്റെയോ ചിന്തയുടെയോ രീതികൾ എനിക്കറിയില്ല' (യേശുപുരം പബ്ലിക് ലൈബ്രറിയെപ്പറ്റി ഒരു പരാതി) രേഖീയതയെ മറിക്കലാണ് പുതിയ ജീവിത ത്തിന്റെയും ചിന്തയുടെയും സവിശേഷത. പുതിയകാലത്തെ ജീവിതത്തിനോ സാഹിത്യംപോലുള്ള ഇതര വ്യവഹാരങ്ങൾക്കോ ഏകീകൃതമായ ഒരു രീതിയില്ല. വിവിധ തത്ത്വശാസ്ത്രങ്ങളും പ്രത്യേയ ശാസ്ത്രങ്ങളും ജീവിതവീക്ഷണങ്ങളുമാണ് ഇവിടെ കൂടിക്കലരുന്നത്. ബൃഹദാഖ്യാനങ്ങളുടെ തകർച്ചയും അവ്യവസ്ഥിതിയും സൃഷ്ടിച്ച കുഴമറിച്ചിലാണ് സക്കറിയായുടെ യേശുപുരം പബ്ലിക് ലൈബ്രറിയപ്പെറ്റിയുള്ള ഒരു പരാതി എന്ന കഥയിൽ കാണുന്ന പ്രതിസന്ധി. ഇതുതന്നെയാണ് ലൈബ്രേറിയൻ മരിച്ചതിൽപ്പിന്നെ എന്ന കവിതയിലും കാണുന്നത്.

രമണനിരുന്നേടത്ത്
പാത്തുമ്മായുടെ ആടിനെക്കാണാം
ചെമ്മീൻ വച്ചേടത്ത്
കേരളത്തിലെ പക്ഷികൾ ചേക്കേറി
പാവങ്ങളുടെ സ്ഥാനത്ത്
പ്രഭുക്കളും ഭൃത്യന്മാരുമാണ്
മാർത്താണ്ഡ വർമ്മയെ തിരഞ്ഞാൽ
ഡ്രാക്കുള പിടികൂടാം
ലൈബ്രേറിയൻ മരിച്ചതിൽപ്പിന്നെ
വായനശാലയ്ക്ക് വ്യവസ്ഥയില്ലാതായി
ക്രമനമ്പർതെറ്റി
ഇരിപ്പടങ്ങൾ മാറി
പുറം ചട്ടകൾ ഭേദിച്ച്
ഉള്ളടക്കം പുറത്തുകടന്നു

ബോർഗസിന്റെ ബാബേൽ ലൈബ്രറി കൃത്യമായ ഒരു നിയമാവലിയിൽ പ്രവർത്തിക്കുന്നതാണ്. ഓരോ അലമാരയ്ക്കും അലമാരയിലെ പുസ്തകത്തിലും പുസ്തകങ്ങൾക്കും പേജുകൾക്കും പേജുകളിലെ വരികൾക്കും കൃത്യമായ കണക്കുണ്ട്. ബാബേൽ ലൈബ്രറിയെ പ്രവർത്തന ക്ഷമമാക്കുന്നത് ഈ അൽഗോരിതമാണ്. ഈ അൽഗോരിതത്തിന്റെ തകർച്ചയാണ് യേശുപുരം പബ്ലിക് ലൈബ്രറിയിൽ സംഭവിക്കുന്നത്. 'യേശുപുരം പബ്ലിക് ലൈബ്രറിയിലെ പുസ്തങ്ങൾ തമ്മിൽ യാതൊരു ബന്ധവുമില്ല. ഒരു പുസ്തകവും മറ്റൊരു പുസ്തകവുമായുള്ള ബന്ധം അവയെ അതാതു സ്ഥാനങ്ങളിൽ വയ്ക്കുന്ന പ്യൂണിന് ആ സമയത്തു തോന്നിയ അബോധമായ തോന്നലുകളെ ആശ്രയിച്ചാണിരിക്കുന്നത്' (യേശുപുരം പബ്ലിക് ലൈബ്രറിയെപ്പറ്റി ഒരു പരാതി) ബോർഗസിന്റെ ബാബേൽ ലൈബ്രറിയും സക്കറിയയുടെ യേശുപുരം പബ്ലിക് ലൈബ്രറിയും വിച്ഛേദിക്കപ്പെടുന്നത് ഇവിടെയാണ്. ക്രമവും ക്രമരാഹിത്യവുമാണ് ഇവ തമ്മിലുള്ള വ്യത്യാസം. ബോർഗസ് പ്രപഞ്ചത്തെയും വിജ്ഞാനത്തെയും അതിഭൗതികമായാണ നോക്കിക്കാണുന്നത്. ബുക്ക്മാൻ കംപ്ലീറ്റ് ബുക്ക് തുടങ്ങിയ സൂചനകൾ ലൈബ്രറിയുടെ അതിഭൗതികമാനത്തിലേക്ക് വിരൽചൂണ്ടുന്നു. പക്ഷേ സക്കറിയ ലൈബ്രറിയെ ഒരു സാമൂഹികാനുഭവത്തിന്റെ പ്രതിഫലനമായാണ് കാണുന്നത്. അഴിഞ്ഞുലഞ്ഞ ഒരു സമൂഹത്തിന്റെ രൂപകമായാണ് യേശുപുരത്തെ ലൈബ്രറി പ്രത്യക്ഷപ്പെടുന്നത്. ബാബേൽ എന്ന സ്ഥലരാശി ചരിത്രാതീതവും മിത്തിന്റെ സ്വഭാവത്തോടുകൂടിയതുമാണ്. യേശുപുരം കുറേക്കൂടി യഥാതഥമായ സ്ഥലാനുഭവമാണ് പ്രദാനം ചെയ്യുന്നത്. അതേസമയം അത് പ്രതിനിധാനപരവുമാണ്.

പി.പി. രാമചന്ദ്രന്റെ കവിതയിലെ ലൈബ്രേറിയൻ ഒരു സുവർണ്ണഭൂതകാലത്തിന്റെ പ്രതീമാണ്. അയാൾ ജീവിച്ചിരുന്ന കാലം വ്യവസ്ഥിതവും സുഘടിതവുമായിരുന്നു ലൈബ്രറി. ദൈവത്തിന്റ ദൈവത്തിന്റെയും എഴുത്തുകാരന്റയും മരണത്തിനുമുമ്പുള്ള സുവർണ്ണഭൂതകാലമായി അത് നിലകൊള്ളുന്നു. ചിഹ്നങ്ങളുടെയും പ്രതീകങ്ങളുടെയും ക്രമാനുഗതമായ സഞ്ചാരമാണ് ഭാഷ. അപ്രകാരത്തിൽ ലൈബ്രറി എന്ന ഒറ്റ ബുക്കിന്റെ വിനിമയസഞ്ചാരങ്ങളെ നിയന്ത്രിക്കുന്ന ദൈവരൂപമാണ് കവിതയിലെ ലൈബ്രേറിയൻ. ലൈബ്രറിയിൽ ലൈബ്രേറിയതായും ഭാഷയിൽ വ്യാകരണവുമായും ലോകത്തിൽ സദാചാരസംഹിതയായും പ്രവർത്തിക്കുന്ന ആദിമമായ ദൈവികാരമാണ് ലൈബ്രേറിയൻ.

ISSN No: 3049-0316


ലൈബ്രേറിയൻ മരിച്ചതിൽപ്പിന്നെ
വായനക്കാരുടെ പ്രതികരണങ്ങളും മാറി
ജാതിവ്യവസ്ഥയും കേരള ചരിത്രവും
എന്ന പുസ്തകത്തിന്റെ അവസാനപേജിൽ
'വളരെ നല്ല നോവൽ' എന്ന്
ഒരു വായനക്കാരൻ
അഭിപ്രായം കുറിച്ചു.
അഴിക്കോടിന്റെ തത്വമസി
ബാലസാഹിത്യശാഖയിൽപ്പെട്ടു.
ശബ്ദതാരാവലി ലൈംഗിക വിജ്ഞാനകോശമായി
കഥ കവിത ലേഖനം നാടകം
തുടങ്ങിയവ അസംബന്ധങ്ങളുടെ
കാറ്റ്ലോഗ് കാണാതായി

ജീവിതത്തെയാകെ അസംബന്ധമാക്കുന്ന ഒന്നാണ് ദൈവത്തിന്റ / ലൈബ്രേറിയന്റെ മരണം. വളരെ പരിമിതമായ നമ്മുടെ സമയം ഇപ്രകാരം അർത്ഥശൂന്യവും ഫലംഹിതവുമായ അന്വേഷണങ്ങളിലൂടെ നഷ്ടപ്പെടുത്തുന്നത് യേശുപുരം ഗ്രന്ഥാലയത്തിന്റെ നാശത്തിന്റെ ഒരു ഭാവമാണ്. അന്വേഷണം അനിവാര്യം തന്നെ പക്ഷേ, അന്വേഷകരെ സഹായിക്കാനെന്ന മട്ടിൽ സ്ഥാപിച്ചിരിക്കുന്ന വിഷയങ്ങളുടെ പേരെഴുതിയ വഴികാട്ടി ചിഹ്നങ്ങൾപോലും വ്യാജമാണ് (യേശുപുരം പബ്ലിക് ലൈബ്രറിയെപ്പറ്റി ഒരു പരാതി).

## സഹായഗ്രന്ഥങ്ങൾ


1. പോൾ എം.പി., ചെറുകഥാപ്രസ്ഥാനം, സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം. 1989.
2. ഗ്രന്ഥശാലാ മാന്വൽ 1128
3. ബഷീർ എം.എം. മലയാള ചെറുകഥാസാഹിത്യ ചരിത്രം 1950 – 2007 കേരള സാഹിത്യഅക്കാദമി, തൃശ്ശൂർ
4. രാജകൃഷ്ണൻ വി. ചെറുകഥയുടെ ഛന്ദസ്സ് ഡി.സി. ബുക്സ് കോട്ടയം 2007
5. രാജശേഖരൻ പി.കെ. ഏകാന്ത നഗരങ്ങൾ ഡി.സി. ബുക്സ് കോട്ടയം 2007